**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നമ്പർ 2703 20/06/2013-ലെ മറുപടിക്ക്

<u>പുതിയ കോളേജുകൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |

| | | | |
|---|---|---|---|
| എ | ഈ വർഷത്തെ ബഡ്ജറ്റ് ചർച്ചാ മറുപടി പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി ഉറപ്പു നൽകിയ പുതിയ കോളേജുകളിൽ ഈ അദ്ധ്യയനവർഷം ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | എ & ബി | സംസ്ഥാനത്ത് സർക്കാർ/ എയ്ഡഡ് കോളേജുകൾ ഇല്ലാത്തതും സ്ഥലം ലഭ്യമായതുമായ എല്ലാ നിയോജക മണ്ഡലങ്ങളിലും ആർട്സ് & സയൻസ് കോളേജുകൾ ആരംഭിക്കുമെന്ന് 2013-14-ലെ ബഡ്ജറ്റ് ചർച്ചയുടെ മറുപടി പ്രസംഗത്തിൽ ബഹു.ധനകാര്യമന്ത്രി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ സർക്കാർ/ എയ്ഡഡ് കോളേജുകൾ ഇല്ലാത്ത 22 മണ്ഡലങ്ങളിൽ പുതിയ ആർട്സ് & സയൻസ് കോളേജുകൾ ആരംക്കുന്നതിന്, ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനും, കെട്ടിടനിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം അസറ്റ് ക്രിയേഷൻ ഫണ്ടിൽനിന്നും അനുവദിക്കാനും, കെട്ടിടനിർമ്മാണം പൂർത്തിയാകും വരെ ക്ലാസ്സുകൾ താത്കാലികമായി നടത്തുവാൻ അനുയോജ്യമായ കെട്ടിടം |

കണ്ടെത്തി സർക്കാരിനെ അറിയിക്കുവാനും, അതത് മണ്ഡലങ്ങളിലെ എം.എൽ.എ മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊടുവള്ളി , താനൂർ, വേങ്ങര എന്നീ നിയോജക മണ്ഡലങ്ങളിൽ പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വേങ്ങരയിൽ എയ്ഡഡ് കോളേജിനാണ് അനുമതി നൽകിയിട്ടുള്ളത്. മങ്കട, ബാലുശ്ശേരി, തലശ്ശേരി, കൊണ്ടോട്ടി എന്നീ നിയോജക മണ്ഡലങ്ങളിൽ പുതിയകോളേജുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.മറ്റ് മണ്ഡലങ്ങളിൽ നിന്ന് പ്രൊപ്പോസലുകൾ ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. താഴെ പറയുന്ന 22 നിയോജക മണ്ഡങ്ങളിലാണ് സംസ്ഥാനത്ത് സർക്കാർ മേഖലയിലോ എയിഡഡ് മേഖലയിലോ ആർട്സ് & സയൻസ് കോളേജുകൾ നിലവിലില്ലാത്തത്.

ഉദുമ, പയ്യന്നൂർ, നാദാപുരം, ബാലുശ്ശേരി, കുന്നമംഗലം, കൊടുവള്ളി, മങ്കട, വേങ്ങര, തവനൂർ, തൃത്താല, കൊങ്ങാട്, മലമ്പുഴ, ആലത്തൂർ, ചേലക്കര,ഒല്ലൂർ, വൈപ്പിൻ, കരുനാഗപ്പള്ളി, കാട്ടാക്കട,

| | | | |
|---|---|---|---|
| | | | നെയ്യാറ്റിൻകര, താനൂർ, കൊണ്ടോട്ടി, തലശ്ശേരി. |
| ബി | ഏതെല്ലാം മണ്ഡലങ്ങളിലാണ് സർക്കാർ കോളേജുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുള്ളത്; വിശദമാക്കുമോ? | ബി | കൊടുവള്ളി, താനൂർ എന്നീ നിയോജക മണ്ഡലങ്ങളിൽ പുതിയ സർക്കാർ കോളേജുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . മങ്കട, ബാലുശ്ശേരി, തലശ്ശേരി, കൊണ്ടോട്ടി എന്നീ മണ്ഡലങ്ങളിൽ പുതിയ സർക്കാർ കോളേജുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ